# പതിനാലാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3485      12.05.2017 ൽ മറുപടിയ്ക്കുണ്ടായിരുന്നത്.

## വനം-വന്യജീവികളെ അറിയുന്നതിന് പരിശീലനം

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വനം വകുപ്പിന്റെ കീഴിൽ വനം വന്യ ജീവികളെ അറിയുവാനും പഠിക്കുവാനും പ്രയോജനകരമാകുന്ന വിധമുള്ള പരിശീലനം കുട്ടികൾക്ക് നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എപ്പോഴൊക്കെയാണ്; വ്യക്തമാക്കുമോ; | (എ) ഉണ്ട്. വനം വന്യജീവി വകുപ്പിനു കീഴിലുള്ള വന്യജീവി സങ്കേതങ്ങളിലും, ടൈഗർ റിസർവ്വുകളിലും പ്രകൃതിപഠന ക്യാമ്പുകൾ നടത്തിവരുന്നുണ്ട്. എല്ലാ സാമ്പത്തിക വർഷത്തിന്റേയും തുടക്കം മുതൽ ഒടുക്കം വരെ ഏപ്രിൽ മുതൽ മാർച്ച് വരെ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രകൃതിപഠന ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്. ഓരോ സംരക്ഷിത മേഖലയുടേയും അംഗീകൃത മാനേജ്മെന്റ് പ്ലാനിൽ നിഷ്കർഷിച്ചിട്ടുള്ള ക്ലോഷർ പീരിഡ് (അടച്ചിടുന്ന കാലയളവ്) ഒഴികെയുള്ള കാലയളവിൽ പ്രകൃതി പഠന ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. |
| (ബി) പരിശീലനത്തിന് തെരഞ്ഞെടുക്കുന്ന രീതി എങ്ങനെയാണ്; ആരാണ് ഇതിന്റെ നോഡൽ ഓഫീസർ; വ്യക്തമായ വിവരം ലഭ്യമാക്കുമോ; | (ബി) ഓരോ വന്യജീവി സങ്കേതത്തിന്റേയും/ടൈഗർ റിസർവ്വിന്റേയും വൈൽഡ് ലൈഫ് വാർഡൻ/ഡെപ്യൂട്ടി ഡയറക്ടർക്ക്, ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മേലധികാരിയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മേലധികാരിയിൽ നിന്നും ലഭിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിലാണ് പരിശീലനത്തിന് വിദ്യാർത്ഥികൾക്ക് അവസരം നൽകുന്നത്. അതാതു വന്യജീവി സങ്കേതത്തിന്റേയും/ ടൈഗർ റിസർവ്വിന്റേയും വൈൽഡ് ലൈഫ് വാർഡൻ/ഡെപ്യൂട്ടി ഡയറക്ടറാണ് നോഡൽ ഓഫീസർ. ലഭിക്കുന്ന അപേക്ഷകൾ മുൻഗണനാക്രമത്തിൽ പരിഗണിക്കും. |
| (സി) ഏതെല്ലാം സ്ഥലങ്ങളിൽ വച്ചാണ് പരിശീലനം നൽകുന്നത്; പരിശീലനത്തിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്ക് നൽകുന്നുണ്ടോ; | (സി) കേരള വനം വകുപ്പിനു കീഴിലുള്ള നെയ്യാർ, പേപ്പാറ, ശെന്തുരുണി, വയനാട്, സൈലന്റ്‌വാലി, പീച്ചി, ചിമ്മിനി, ചൂലന്നൂർ, ആറളം, കൊട്ടിയൂർ എന്നീ വന്യജീവി സങ്കേതങ്ങളിലും പെരിയാർ, പറമ്പിക്കുളം എന്നീ ടൈഗർ റിസർവ്വുകളിലും പ്രകൃതി പഠന ക്യാമ്പുകൾക്ക് സൗകര്യമുണ്ട്. നിലവിൽ പരിശീലനത്തിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്ക് നൽകുന്നില്ല. |
| (ഡി) പ്രകൃതി സ്നേഹവും പ്രകൃതി സംരക്ഷണവും കുട്ടികളിൽ വളർത്തുവാൻ പാഠ്യ പദ്ധതിയിൽ വേണ്ട മാറ്റങ്ങൾ വരുത്തുമോ; വ്യക്തമാക്കുമോ? | (ഡി) നിലവിലെ സ്കൂൾ പാഠ്യപദ്ധതിയിൽ പ്രകൃതിസ്നേഹവും പ്രകൃതിസംരക്ഷണ മനോഭാവവും കുട്ടികളിൽ വളർത്തുന്നതിനാവശ്യമായ പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പ്രസ്തുത മൂല്യങ്ങൾ വളർത്തുന്നതിനുള്ള പഠന പ്രവർത്തനങ്ങളും ഉൾച്ചേർത്തിട്ടുണ്ട്. നിലവിലെ പാഠ്യപദ്ധതി പരിഷ്കരിക്കുമ്പോൾ ഈ മേഖലയ്ക്ക് വേണ്ട ഊന്നൽ നൽകുന്നതാണ്. |

(signature)

സെക്ഷൻ ഓഫീസർ